**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3454** **26-10-2021 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിൽ വാഴകൃഷി ചെയ്ത് വിളനാശം സംഭവിച്ച കർഷകർക്ക് ഇൻഷ്വറൻസ് തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ വാഴകൃഷി ചെയ്ത് വിളനാശം സംഭവിച്ച കർഷകർക്ക് ഇൻഷ്വറൻസ് ചെയ്തിട്ടും തുക നൽകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. എന്നാൽ തവിഞ്ഞാൽ, കോട്ടത്തറ, തരിയോട് എന്നീ കൃഷിഭവനുകളിലെ ചില വാഴ കർഷകരുടെ ഇൻഷ്വറൻസ് കാലയളവ് സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യമുള്ളതിനാൽ തുക നൽകിയിട്ടില്ല. |
| (ബി) | വിളവെടുപ്പ് കാലം ശാസ്ത്രീയമായി നിർണയിക്കാതെ ഇൻഷ്വറൻസ് കാലാവധി നിശ്ചയിക്കുന്ന രീതിയാണോ ഇതിന് കാരണം എന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വറൻസ് കാലയളവ് പ്രീമിയം അടച്ച് ഒരാഴ്ച മുതൽ വിളവെടുപ്പ് തുടങ്ങുന്നത് വരെയാണ്. വിള ഇൻഷ്വറൻസ് നഷ്ടപരിഹാരം അനുവദിക്കുന്നത് പ്രസ്തുത പദ്ധതി മാനദണ്ഡങ്ങൾക്കനുസരിച്ചാണ്. |
| (സി) | വിളനാശം സംഭവിച്ച കർഷകർക്ക് ഇൻഷ്വറൻസ് തുക ലഭിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | (സി) | നിലവിൽ AIMS പോർട്ടൽ വഴിയാണ് വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നത്. വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്ന കർഷകർക്ക് വിളനാശമുണ്ടായാൽ AIMS പോർട്ടൽ മുഖേന നഷ്ടപരിഹാരത്തിന് അപേക്ഷിക്കാവുന്നതാണ്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട ആനുകൂല്യം അനുവദിച്ച് ആയത് DBT മുഖാന്തിരം കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നു. |

സെക്ഷൻ ഓഫീസർ